# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എടവിലങ്ങ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി 3) 589/2022.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 30/06/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എടവിലങ്ങ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എടവിലങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടവിലങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി 3) 589/2022. തീയ്യതി: 30/06/2022

## തൃശ്ശൂർ ജില്ലയിലെ എടവിലങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ എടവിലങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 12-11-2019 മുതൽ 19-04-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സതീശൻ.എൻ | ഡെപ്യൂട്ടി ഡയറക്ടർ | 20-04-2022 | 30-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-04-2022 | 30-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ശിവൻ.പി.എ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീ.നിർമ്മൽ.കെ.ജി, ഓഡിറ്റ് ഓഫീസർ

ശ്രീമതി. സുമിത ടി എസ്,അസി.ഓഡിറ്റ് ഓഫീസർ

ശ്രീ സുനിൽകുമാർ കെ സി, അസി.ഓഡിറ്റ് ഓഫീസർ

ശ്രീ.രഞ്ജിത്ത് പി.ആർ, ഓഡിറ്റർ

ശ്രീമതി. ബിന്ദു. കെ.എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ആദർശ്.എ.പി. | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ഹഡ്ഹോക്ക് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീമതി.ബിന്ദു രാധാകൃ,ഷ്ണൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.കെ.എ.അബ്ദുൾ ജലീൽ | സെക്രട്ടറി | 01-04-2020 | 28-07-2020 |
| ശ്രീമതി.പി.കെ.ജമുന | സെക്രട്ടറി | 29-07-2020 | 31-03-2021 |
| ശ്രീമതി.അമൃതകുമാരി.വി.ഡി | അസി.സെക്രട്ടറി | 01-04-2020 | 25-06-2020 |
| ശ്രീമതി.മിനി.കെ | അസി.സെക്രട്ടറി | 26-06-2020 | 31-03-2021 |
| ശ്രീമതി.ശ്രീജ.വി.എസ്. | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ഷാജിത.കെ.ബി | വി.ഇ ഒ.,എടവിലങ്ങ് | 01-04-2020 | 03-11-2020 |
| ശ്രീമതി.സെൽവി | വി.ഇ ഒ.,എടവിലങ്ങ് | 04-11-2020 | 31-03-2021 |
| ഡോ.ഫസീല.ഇ.ഐ | മെഡിക്കൽ ഓഫീസർ,ആയുർവേധം | 01-04-2020 | 31-03-2021 |
| ഡോ.നിഷ രാംദാസ് | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2020 | 31-03-2021 |
| ഡോ.സജി.പി.എ | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2020 | 31-03-2021 |
| ശ്രീമതി.ദീപ.ഡി.എച്ച് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ഭാനു ശാലിനി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.റാണി.എം.എസ് | ഹെഡ്മിസ്ട്രസ്,ജി.എൽ.പി.എസ് | 01-04-2020 | 31-03-2021 |
| ശ്രീമതി.ചിപ്പി കാദർ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ബിത.സി.വി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 06-07-2020 |

| | | | |
|---|---|---|---|
| ശ്രീമതി.രമ്യ പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 07-07-2020 | 08-10-2020 |
| ശ്രീമതി.സിനിമോൾ.എൽ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 09-10-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P.A.Sivan (Audit Officer, On 26-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: P.A.Sivan (Audit Officer, On 26-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: P.A.Sivan (Audit Officer, On 26-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Sumitha T.S (Asst. Audit Officer, On 28-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: P.A.Sivan (Audit Officer, On 26-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-5 |
| 6 | ക്ഷേമപെൻഷനുകൾ സംബന്ധിച്ച്<br>Written By: P.A.Sivan (Audit Officer, On 28-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-6 |
| 7 | ക്യാഷ് പരിശോധന<br>Written By: Bindhu (Auditor, On 28-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-7 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sumitha T.S (Asst. Audit Officer, On 26-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: P.A.Sivan (Audit Officer, On 26-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-9 |
| 10 | വാർഷികകണക്കിനൊപ്പം സമർപ്പിക്കാത്ത പത്രികകൾ<br>Written By: Sumitha T.S (Asst. Audit Officer, On 29-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-10 |
| 11 | വസ്തു നികുതി റെസിഡൻഷ്യൽ-സഞ്ചയയും സാംഖ്യയും തമ്മിൽ പൊരുത്തമില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 29-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-11 |
| 12 | വസ്തു നികുതി -നോൺറസിഡൻഷ്യൽ-സഞ്ചയയും സാംഖ്യയും തമ്മിൽ പൊരുത്തമില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 29-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-12 |
| 13 | ലൈബ്രറിസെസ് -വാർഷികകണക്കും സഞ്ചയയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 29-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-13 |
| 14 | വസ്തു നികുതി -ഡിമാന്റ് എൻട്രി രണ്ട് തവണ മാത്രം<br>Written By: Sumitha T.S (Asst. Audit Officer, On 29-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-14 |
| 15 | വസ്തുനികുതി മുൻകൂർ ലഭിച്ച തുകയേക്കാൾ കൂടുതൽ തുക ക്രമീകരിച്ചു.<br>Written By: Sumitha T.S (Asst. Audit Officer, On 29-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-15 |
| 16 | വസ്തു നികുതി -അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൌച്ചർ മുഖേന | 1-16 |

| | | |
|---|---|---|
| | വർദ്ധിപ്പിച്ചു.<br>Written By: Sumitha T.S (Asst. Audit Officer, On 29-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | |
| 17 | വാടക ഡിമാന്റ് എൻട്രി രണ്ട് തവണ മാത്രം<br>Written By: Ranjith P.R (Auditor, On 29-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-17 |
| 18 | രജിസ്റ്ററുകൾ ശരിയായി പരിപാലിച്ചിട്ടില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 29-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-18 |
| 19 | മുൻകൂർ തുക ലഭിച്ചത് കണക്കുകൾ രേഖപ്പെടുത്തിയിട്ടില്ല, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 29-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-19 |
| 20 | രേഖകൾ ഇല്ലാതെ ജേണൽ എൻട്രി -ചെലവ് എഴുതിത്തള്ളലും വരുമാനമായി ക്രമീകരിക്കലും<br>Written By: Sumitha T.S (Asst. Audit Officer, On 29-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-20 |
| 21 | ജേണൽ വൌച്ചറുകൾക്ക് ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 29-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-21 |
| 22 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Sumitha T.S (Asst. Audit Officer, On 29-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-22 |
| 23 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Sumitha T.S (Asst. Audit Officer, On 29-04-2022)<br>Last Updated By: N Satheesan (Deputy Director, On 30-06-2022) | 1-23 |
| 24 | ഡിപ്രിയിസേഷൻ - വർക് ഷീറ്റ്,ജേണൽ വൗച്ചർ ഹാജരാക്കിയില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 29-04-2022)<br>Last Updated By: N Satheesan (Deputy Director, On 30-06-2022) | 1-24 |
| 25 | ആസ്തിയുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കി.<br>Written By: Sumitha T.S (Asst. Audit Officer, On 29-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-25 |
| 26 | ഡിപ്രിയിസേഷൻ കണക്കാക്കിയില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 29-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-26 |
| 27 | ക്ലോസിങ് സ്റ്റോക്കിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 29-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-27 |
| 28 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 29-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-28 |
| 29 | ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 29-04-2022)<br>Last Updated By: N Satheesan (Deputy Director, On 30-06-2022) | 1-29 |
| 30 | കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റിയില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 29-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-30 |
| 31 | Capital Work In Progress-ൽ തുക ചേർത്തിട്ടില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 29-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-31 |
| 32 | അക്കൗണ്ട് ബാലൻസ് - റീ കൺസിലിയേഷൻ പത്രികയിൽ തെറ്റായി | 1-32 |

| | | |
|---|---|---|
| | രേഖപ്പെടുത്തി.<br>Written By: Sumitha T.S (Asst. Audit Officer, On 29-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | |
| 33 | മുൻകൂർ നൽകിയത് -വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടും മുൻകൂറിൽ ഉൾപ്പെടുത്തി.<br>Written By: Sumitha T.S (Asst. Audit Officer, On 29-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-33 |
| 34 | അഡ്വാൻസ് ഹെഡ്ഡിൽ ഉൾപ്പെടുത്തുന്നതിന് പകരം ചെലവായി രേഖപ്പെടുത്തി.<br>Written By: Sumitha T.S (Asst. Audit Officer, On 29-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-34 |
| 35 | സാമൂഹ്യ ക്ഷേമ പെൻഷൻ- വാർഷികകണക്കിലെ ചെലവ് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 29-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-35 |
| 36 | പഞ്ചായത്ത് വാടകക്ക് നൽകിയിട്ടുള്ള കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Ranjith P.R (Auditor, On 06-05-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-36 |
| 37 | ലേലം-ഫയലുകൾ പരിശോധനക്ക് ഹാജരാക്കിയില്ല<br>Written By: Ranjith P.R (Auditor, On 06-05-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-37 |
| 38 | സ്ഥാപന തൊഴിൽ നികുതി-ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല<br>Written By: Ranjith P.R (Auditor, On 06-05-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-38 |
| 39 | തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Ranjith P.R (Auditor, On 06-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 30-06-2022) | 1-39 |
| 40 | വിമുക്ത ഭടൻമാർക്കുള്ള നികുതി ഒഴിവ്- സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണ്<br>Written By: Ranjith P.R (Auditor, On 06-05-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-40 |
| 41 | എൻ.ആർ.ഇ.ജി.എസ് -കാറിമക്ക് അധിക നിരക്ക് നല്കി.<br>Written By: Sumitha T.S (Asst. Audit Officer, On 03-05-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-41 |
| 42 | പഞ്ചായത്ത് ലൈബ്രറി-ലൈബ്രറി ഗ്രാന്റ് വിനിയോഗിച്ചില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 03-05-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-42 |
| 43 | ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് റേഷൻ കടകൾ, കള്ളുഷാപ്പുകൾ, ക്ഷീരസഹകരണ സംഘങ്ങൾ എന്നിവ പ്രവർത്തിക്കുന്നു<br>Written By: Ranjith P.R (Auditor, On 06-05-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-43 |
| 44 | പരാതി രജിസ്റ്റർ ശരിയായി സൂക്ഷിച്ചിട്ടില്ല<br>Written By: P.A.Sivan (Audit Officer, On 05-05-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-44 |
| 45 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകൽ- അധികം നൽകിയ തുക 10324/-രൂപ തിരികെ ഈടാക്കേണ്ടതാണ്<br>Written By: Ranjith P.R (Auditor, On 06-05-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-45 |

| | | |
|---|---|---|
| 46 | ആസ്തി രജിസ്റ്റർ കാലികമല്ല,ആസ്തി എങ്ങിനെ ആർജിച്ച എന്നതിന്റെ വിവരം ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല<br>Written By: P.A.Sivan (Audit Officer, On 05-05-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-46 |
| 47 | പത്ര പരസ്യം -സർക്കാർ നിർദ്ദേശപ്രകാരമുള്ള ഡിസ്കൗണ്ട് ലഭ്യമായില്ല<br>Written By: Nirmal K G (Audit Officer, On 03-05-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-47 |
| 48 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.<br>Written By: Nirmal K G (Audit Officer, On 03-05-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-48 |
| 49 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.<br>Written By: Nirmal K G (Audit Officer, On 03-05-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-49 |
| 50 | ലൈഫ് മിഷൻ പട്ടികജാതി വിഹിതം വികസനഫണ്ടിൽ നിന്നും കുറവ് ചെയ്തു<br>Written By: Nirmal K G (Audit Officer, On 03-05-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-50 |
| 51 | പൊട്ടുവെള്ളരി കൃഷിക്ക് ധന സഹായം -അധിക തുക നൽകി .<br>Written By: Sumitha T.S (Asst. Audit Officer, On 03-05-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-51 |
| 52 | മരാമത്ത് പദ്ധതിപ്രവർത്തനവും പദ്ധതിച്ചെലവും<br>Written By: P.A.Sivan (Audit Officer, On 05-05-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-52 |
| 53 | അസി. എൻജിനീയർ നിർവഹണം നടത്തിയ പദ്ധതികൾ- പൊതുനിരീക്ഷണങ്ങൾ<br>Written By: P.A.Sivan (Audit Officer, On 05-05-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-53 |
| 54 | ഗ്രാമപഞ്ചായത്തിന് ലഭിക്കുന്ന സേവനങ്ങളിന്മേൽ ജി.എസ്.റ്റി. അടവാക്കി<br>Written By: P.A.Sivan (Audit Officer, On 05-05-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-54 |
| 55 | അരയംപടിക്കൽ ക്ഷേത്രം റോഡ് പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയിട്ടില്ല<br>Written By: P.A.Sivan (Audit Officer, On 05-05-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-55 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകൽ- അധികം നൽകിയ തുക 10324/-രൂപ തിരികെ ഈടാക്കേണ്ടതാണ്<br>Written By: Ranjith P.R (Auditor, On 06-05-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 3-1 |
| 2 | പൊട്ടുവെള്ളരി കൃഷിക്ക് ധന സഹായം -അധിക തുക 5200/-നൽകി<br>Written By: P.A.Sivan (Audit Officer, On 06-05-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 3-2 |
| 3 | അരയംപടിക്കൽ ക്ഷേത്രം റോഡ് പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയിട്ടില്ല.നഷ്ടം 9756/-<br>Written By: P.A.Sivan (Audit Officer, On 06-05-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 3-3 |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: P.A.Sivan (Audit Officer, On 27-04-2022)<br>Last Updated By: N Satheesan (Deputy Director, On 30-06-2022) | 4-1 |

| | | |
|---|---|---|
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: P.A.Sivan (Audit Officer, On 27-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: P.A.Sivan (Audit Officer, On 27-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-04-2022) | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: P.A.Sivan (Audit Officer, On 27-04-2022)<br>Last Updated By: Nirmal K G (Audit Officer, On 29-04-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: P.A.Sivan (Audit Officer, On 27-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: P.A.Sivan (Audit Officer, On 27-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-04-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: P.A.Sivan (Audit Officer, On 27-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-04-2022) | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: P.A.Sivan (Audit Officer, On 27-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-04-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: P.A.Sivan (Audit Officer, On 27-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: P.A.Sivan (Audit Officer, On 27-04-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 30-06-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 18.03.2020,2 | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 132394500 | 130154500 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 10.02.2021 | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 134123858 | 130810696 |

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2021 | 22-06-2021 |

### 1-3 സാമ്പത്തിക വിശകലനം

| - | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 14052085.72/- |
| ഓഡിറ്റ് വർഷത്തെ വരവ് | 62017436/- |
| ആകെ | 76069521.72/- |
| ഓഡിറ്റ് വർഷത്തെ ചെലവ് | 62701320/- |
| നീക്കിയിരിപ്പ് | 13368201.72/- |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ | 0 | 10135967 | 10135967 | 10135967 | 0 |
| വികസനഫണ്ട്-എസ് സി പി | 0 | 3060412 | 3060412 | 2682119 | 378293 |
| വികസനഫണ്ട്-ടി.എസ് .പി | 0 | 152000 | 152000 | 0 | 152000 |
| മെയിന്റനൻസ്-റോഡ് | 0 | 5189000 | 5189000 | 5189000 | 0 |
| മെയിന്റനൻസ്-നോൺറോഡ് | 0 | 4040712 | 4040712 | 4040712 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 8714322 | 8714322 | 6745047 | 1969275 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ(എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | ചെലവിന്റെ ശതമാനം |
|---|---|---|---|---|---|---|
| 110 | 51381441 | 91 | 34675159 | 0 | 19 | 67.50 |

## 1-6 ക്ഷേമപെൻഷനുകൾ സംബന്ധിച്ച്

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 2758200 | 179 |
| വിധവാ പെൻഷൻ | 14020000 | 963 |
| വാർദ്ധക്യകാലപെൻഷൻ | 20136800 | 1638 |
| വികലാംഗ പെൻഷൻ | 4803900 | 319 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 861500 | 58 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 150000 | 5 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.04.2022 തീയതിയിൽ 3.30 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2283 /- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 390447.72 | 1361647 | 1752093 | 1751919 | 175.72 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 23198926 | 23198926 | 23198926 | 0 |

## 1-9 ആഭ്യന്തരനിയന്ത്രണം

വാർഷികകണക്കുകളിലെയും വരവ്-ചെലവിനങ്ങളിലെയും അപാകതകളും നിരീക്ഷണങ്ങളും ഈ റിപ്പോർട്ടിലെ ഒന്നാം ഭാഗത്തിൽ അതതു ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുള്ളതാണ്.

## 1-10 വാർഷികകണക്കിനൊപ്പം സമർപ്പിക്കാത്ത പത്രികകൾ

എ)വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

ബി)സർക്കാർ ഉത്തരവ് (കൈ) 16/21 ത.സ്വ.ഭ.വ തീ 23/1/21 പ്രകാരം വാർഷിക കണക്കുകളോടൊപ്പം നിർബന്ധിതമാക്കിയിരുന്ന ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

## 1-11 വസ്തു നികുതി റെസിഡൻഷ്യൽ-സഞ്ചയയും സാംഖ്യയും തമ്മിൽ പൊരുത്തമില്ല.

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ

രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും , ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

തൻവർഷം

റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1578069.00 | 1563329.00 | 17972.00 | 4510.00 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1578069.00 | 1556575.00 | 18328.00 | *4510.00 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | ( 350410101- Advance Collection- PT On Res. Bldg-ന്റെ ലെഡ്ജർ) | *( 4736.00/105X100)= 4510.00 |

എ) സഞ്ചയയിലേയും സാംഖ്യയിലേയും കളക്ഷൻ തുകകൾ പൊരുത്തപ്പെടുന്നില്ല.

ബി) സഞ്ചയയിലേയും സാംഖ്യയിലേയും കണക്കുകൾ ഗണിത ക്രിയയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.(ഡിമാന്റ് -കളക്ഷൻ+മുൻകൂർ= ബാലൻസ്)

## 1-12 വസ്തു നികുതി -നോൺറസിഡൻഷ്യൽ-സഞ്ചയയും സാംഖ്യയും തമ്മിൽ പൊരുത്തമില്ല.

നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 731283.00 | 691328.00 | 16635.00 | 24857.00 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 731283.00 | 689530.00 | 1798.00 | *24857.00 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | ( 350410104- Advance Collection- PT On NR Bldg-ന്റെ ലെഡ്ജർ) | *( 26102.00 /105X100)=24859.00 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

എ) സഞ്ചയയിലേയും സാംഖ്യയിലേയും കളക്ഷൻ തുകകൾ പൊരുത്തപ്പെടുന്നില്ല.

ബി) സഞ്ചയയിലേയും സാംഖ്യയിലേയും കണക്കുകൾ ഗണിത ക്രിയയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.(ഡിമാന്റ് -കളക്ഷൻ+മുൻകൂർ= ബാലൻസ്)

## 1-13 ലൈബ്രറിസെസ് -വാർഷികകണക്കും സഞ്ചയയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

A)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻവർഷം | കുടിശ്ശിക | ആകെ | തൻവർഷം | കുടിശ്ശിക | ആകെ | | | തൻവർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 80579.00 | 45.00 | 80624.00 | 79009.00 | 45.00 | 79054.00 | 1390.00 | | 226.00 | 0 | 228.00 |
| | നോൺ-റെസിഡൻഷ്യൽ | 37839.00 | 1299.00 | 39138.00 | 34876.00 | 71.00 | 34947.00 | 955.00 | | 1245.00 | 1228.00 | 2476.00 |
| | ആകെ | | | 119762.00 | | | 114001.00 | 2345.00 | | 2704.00 | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 119762.00 | | | 114001.00 | | | 0 | 117061.00 | 2692.00 | | |
| | | 1228.00+118534.00 =(2019-20ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State Govt . Cess/levies...... ലെഡ്ജർ 2020-21) | | | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 -State Govt . Cess/levies...... ലെഡ്ജർ 2020-21) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

B)തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 114001.00രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 114001.00രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്ട് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്.എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല , മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ട് തുകയുമല്ല, മറിച്ച് 117061.00 രൂപയാണ്.(വൌച്ചർ 42000320 തീ 31.3.21,42000325 (79009+45+34876+71+3060=117061.00))

C)ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt Levies In Property Tax” എന്ന ശീർഷകത്തിൽ വരേണ്ട തുക 2692.00 (56546/105X5 )ആണ്.എന്നാൽ ഈ ശീർഷകത്തിൽ 2701.00രൂപ ചേർത്തിട്ടുണ്ട്.വ്യത്യാസം പരിഹരിക്കേണ്ടതാണ്.

## 1-14 വസ്തു നികുതി -ഡിമാന്റ് എൻട്രി രണ്ട് തവണ മാത്രം

1/4/2020 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2020-21 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള,അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ,വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2020-21 വർഷത്തിൽ എടവിലങ്ങ് ഗ്രാമപഞ്ചായത്തിൽ 171പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്.എന്നാൽ 2020-21ലെ “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തെ ഡിമാന്റ് 2 തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു.ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ ,എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു.ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്തരവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും ,ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-15 വസ്തുനികുതി മുൻകൂർ ലഭിച്ച തുകയേക്കാൾ കൂടുതൽ തുക ക്രമീകരിച്ചു.

2019-20 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2020 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ

തുകയേക്കാൾ കൂടുതൽ തുക 2020-21 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. "Prior Period Items" എന്ന നോമിനൽ അക്കൌണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്.ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആയതിന് വൌച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/20 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2020-21ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 7004.00 | 18328.00 |

## 1-16 വസ്തു നികുതി -അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൌച്ചർ മുഖേന വർദ്ധിപ്പിച്ചു.

തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൌണ്ട് പരിശോധിച്ചു.അതിൽ 8502.00രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും "Prior Period Items" എന്ന നോമിനൽ അക്കൌണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൌച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു.ഇപ്രകാരം ജേണൽ വൌച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൌച്ചറുകളും,വർക് ഷീറ്റുകളും,നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല.ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.ഇപ്രകാരം വർദ്ധനവ് വരുത്തിയ വൌച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

9.1 റെസിഡൻഷ്യൽ

| ക്ര.ന | ജേണൽ വൌച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1. | 42000322 | 1.4.2020 | 8502.00 |

9.2 നോൺ-റെസിഡൻഷ്യൽ

| ക്ര.ന | ജേണൽ വൌച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1. | 280100104 | 31.3.21 | 539.00 |

## 1-17 വാടക ഡിമാന്റ് എൻട്രി രണ്ട് തവണ മാത്രം

2020-21 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ,വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്.എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു..

| ക്ര.ന | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൌച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള | 130100101-Rent From | 1831167 | 13.07.20&31.3.21 | Vr.No: 42000045&Vr.No: |

| | | | | | |
|---|---|---|---|---|---|
| | വാടക(61 കെട്ടിടങ്ങൾ) | Building | | | 42000330 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-18 രജിസ്റ്ററുകൾ ശരിയായി പരിപാലിച്ചിട്ടില്ല.

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി ,വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി,സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)).നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല.ആയതിനാൽ ഡിസിബി തയ്യാറാക്കിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

4വാടക ഡിമാന്റ് രജിസ്റ്റർ

5പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

6 പിഗ് &ഡോഗ് ലൈസൻസ് രജിസ്ററർ

7 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

## 1-19 മുൻകൂർ തുക ലഭിച്ചത് കണക്കുകൾ രേഖപ്പെടുത്തിയിട്ടില്ല, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്.എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്ര.ന | വരുമാനം | മുൻകൂർ ശീർഷകം | 31/3/2021 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax /Inst/trad/prof | 95170.00 |
| 2 | ഡി &ഒ | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 34700.00 |

## 1-20 രേഖകൾ ഇല്ലാതെ ജേണൽ എൻട്രി -ചെലവ് എഴുതിത്തള്ളലും വരുമാനമായി ക്രമീകരിക്കലും

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും ,വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും ,തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ,രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ ,ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ

പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് ,ഷെഡ്യൂൾ I-18) | 31/3/2021ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | 7600.00 |
| 280100104-Prior Period Income-Property Tax On Non Residential Buildings | 12847.00 |
| 280200101-Prior Period Income-Rent From Building | (3231.00) |
| 280800301-Prior Period -Operations &Mainentanance Expenses | (1380.00) |
| 280800601-Prior Period-Revenue Grants& Contributions | (112495.00) |
| 280800701-Prior Period-Miscellaneous Expenses | (262403.00) |

## 1-21 ജേണൽ വൌച്ചറുകൾക്ക് ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.(പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എന്ട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്,ബാക്കി,മുൻകൂർ,കുടിശ്ശിക ഡിമാന്റ്,കുടിശ്ശിക പിരിവ്,കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും,ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും,മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൌച്ചറും സൂക്ഷിക്കുന്നില്ല.എല്ലാ ജേണൽ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-22 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-23 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (541884.00) രൂപയാണ്.എന്നാൽ ഇതേ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1284725.00 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-24 ഡിപ്രിയിസേഷൻ - വർക് ഷീറ്റ്,ജേണൽ വൗച്ചർ ഹാജരാക്കിയില്ല.

2020-21 വർഷത്തെ Income And Expenditure പത്രിക പ്രകാരം 5684520.00 രൂപ ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടുണ്ട്. ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്,ജേണൽ വൌച്ചർ എന്നിവ ഹാജരാക്കേണ്ടതാണ്.

## 1-25 ആസ്തിയുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കി.

31/3/2021 ലെ ബാലൻസ്ഷീറ്റ് പ്രകാരം Other Fixed Assetsഎന്ന ആസ്തിക്ക്437402.00രൂപ വിലകണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31/3/2021 ലെ Accumalated Depreciation (521231.00) രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക തുടർ വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

## 1-26 ഡിപ്രിയിസേഷൻ കണക്കാക്കിയില്ല.

ഇൻകം ആന്റ് എക്സ്പെൻഡിച്ചർ ഷെഡ്യൂൾ പ്രകാരം ആസ്തികളുടെ തേയ്മാനം കണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റിൽ ഉൾപ്പെടുന്ന താഴെ ചേർത്തിരിക്കുന്ന ആസ്തികൾക്ക് (Land ഒഴികെ) ഡിപ്രിയിസേഷൻ കണക്കാക്കിയിട്ടില്ല.

| ക്ര.ന | ആസ്തി -ശീർഷകം | 31/3/2021 ലെ മൂല്യം |
|---|---|---|
| 1. | Waste Treatment -Mechanical Plants | 412000.00 |

## 1-27 ക്ലോസിങ് സ്റ്റോക്കിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ആയി 162484.00രൂപയുടെ ക്ലോസിങ് സ്റ്റോക്ക് ഉണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം കണക്കാക്കി എഴുതുന്നുണ്ട്. എന്നാൽ സാധനങ്ങൾ സ്റ്റോക്കിലെടുക്കുമ്പോൾ ആയതിന്റെ എണ്ണം മാത്രമേ രേഖപ്പെടുത്തുന്നുള്ളൂ.വില രേഖപ്പെടുത്തുന്നില്ല.ആയതിനാൽ വർഷാന്ത്യമൂല്യം കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ കഴിയുന്നില്ല.

## 1-28 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ,ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/21 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടുകളുടെ 31/3/21 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്.അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ,ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമനമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൌണ്ട് | തുക |
| 1 | 320700104,105&320700204,205 | Contributions Of Joint Venure Projects-Block&jilla Panchayath | 450.00<br>25952.00<br>432419.00<br>613613.00<br>1072434.00 | 450650109 | TreasurySpecial TSB-Joint Venture | 976821.00 |

## 1-29 ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല.

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രക തയ്യാറാക്കിയിട്ടില്ല.(കേരള പഞ്ചായത്ത് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം 57))

| ക്ര.ന | ബാങ്ക് | അക്കൗണ്ട് നമ്പർ | റീകൺസീലിയേഷൻ തയ്യാറാക്കാത്ത മാസങ്ങൾ |
|---|---|---|---|
| 1 | SBT Old | -- | 4/20 മുതൽ 3/21 വരെ |

| | Age | | |
|---|---|---|---|

## 1-30 കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റിയില്ല.

താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം 46)).ആയത് ക്രമീകരിക്കേണ്ടതാണ്.

| ചെക്ക് നമ്പർ | തീയ്യതി | തുക |
|---|---|---|
| 480047 | 21.8.19 | 214 |

## 1-31 Capital Work In Progress-ൽ തുക ചേർത്തിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകളിൽ 31/3/21 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/21 ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക752824.00 രൂപയാണ്.(അസി.എൻജിനീയർ ഹാജരാക്കിയ രേഖ പ്രകാരം) എന്നാൽ 31/3/2021 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 0രൂപ യാണ്.

## 1-32 അക്കൗണ്ട് ബാലൻസ് - റീ കൺസിലിയേഷൻ പത്രികയിൽ തെറ്റായി രേഖപ്പെടുത്തി.

ട്രഷറി കോവിഡ് അക്കൗണ്ടിന്റെ ബാലൻസ് റീ കൺസിലിയേഷൻ പത്രിക പ്രകാരം 630845.00രൂ ആണ്.എന്നാൽ ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം 31.3.21 ലെ ബാലൻസ് 0 ആണ്.

## 1-33 മുൻകൂർ നൽകിയത് -വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടും മുൻകൂറിൽ ഉൾപ്പെടുത്തി.

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി18 ലെ കെഎസ് ഇബി അഡ്വാൻസിൽ ഉൾപ്പെട്ട നമ്പർ202500.00രൂപക്ക് വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടുള്ളതും വൗച്ചർ നമ്പർ 41800107/31.10.18 പ്രകാരം വരുമാനമായി ക്രമീകരിച്ചിട്ടുള്ളതമാണ്. എന്നാൽ 2020-21 വാർഷികകണക്കിൽ പ്രസ്തുത തുക മുൻകൂറിൽ ഉൾപ്പെടുത്തിയത് 21-22 ൽ ക്രമീകരിക്കേണ്ടതാണ്.

## 1-34 അഡ്വാൻസ് ഹെഡ്ഡിൽ ഉൾപ്പെടുത്തുന്നതിന് പകരം ചെലവായി രേഖപ്പെടുത്തി.

വൗച്ചർ നമ്പർ 22000112/8.6.20 പ്രകാരം 8512/- പോസ്റ്റ് ഷിഫ്റ്റിങ്ങിന് കെഎസ് ഇബിക്ക് ഡെപ്പോസിറ്റ് നൽകിയത് അഡ്വാൻസ് ഹെഡ്ഡിൽ ഉൾപ്പെടുത്തുന്നതിന് പകരം 230800106 ലാണ് ബുക്ക് ചെയ്തത്.

## 1-35 സാമൂഹ്യ ക്ഷേമ പെൻഷൻ- വാർഷികകണക്കിലെ ചെലവ് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല.

സാമൂഹ്യ ക്ഷേമ പെൻഷൻ ചെലവുകൾ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല.

## 1-36 പഞ്ചായത്ത് വാടകക്ക് നൽകിയിട്ടുള്ള കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

വ്യവസായം, വാണിജ്യം, സംരഭകത്വം, മറ്റു സേവനങ്ങൾക്കുള്ള ലൈസൻസ് രജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ്, വാടക രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ പഞ്ചായത്ത് വാടകക്ക് നല്കിയിട്ടുള്ള താഴെ പറയുന്ന കെട്ടിടങ്ങൾ/മുറികൾക്ക് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസ് എടുത്തിട്ടില്ല.

| വാർഡ് | കെട്ടിട നമ്പർ |
|---|---|
| 4 | 439,440,441,447,450,451,452,453,457,458,459,460,461,462 |
| 8 | 38,39,40,41,42,43,44,45,46,56,57,59,60,55A,55D,55G,53A,53B,53C,53D,53E,53H,53I,53J,53K,53L,53M,53O,53R,53S,53T |
| 10 | 477,478,479 |

പ്രസ്തുത കെട്ടിടങ്ങൾക്ക് ലൈസൻസ് എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/27.04.2022) മറുപടി ലഭ്യമാക്കിയില്ല. ഫീൽഡ് ക്ലർക്ക് സ്ഥല പരിശോധന നടത്തുകയും ലൈസൻസിനു നോട്ടീസ് നൽകുകയും ചെയ്യേണ്ടതാണ്.

പഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കുന്നില്ല. ലൈസൻസിനായി അപേക്ഷിക്കുന്ന സ്ഥാപനങ്ങൾ മാത്രമാണ് രജിസ്റ്ററിലുള്ളത്. വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും ഓരോ വർഷവും പുതുതായി ആരംഭിക്കുന്ന സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയും നിർത്തലാക്കുന്ന സ്ഥാപനങ്ങളെ ഒഴിവാക്കിയും ലിസ്റ്റ് കാലികമാക്കേണ്ടതുമാണ്.

## 1-37 ലേലം-ഫയലുകൾ പരിശോധനക്ക് ഹാജരാക്കിയില്ല

2020-21 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ താഴെ പറയുന്ന ശീർഷകങ്ങളിൽ നിന്നും വരവ് ലഭ്യമായിട്ടുണ്ട്.

| Item | Head | Amount |
|---|---|---|
| Sale Of Timber | 150100110 | 2535/- |
| Sale Of Other Products | 150120199 | 5840/- |
| Sale Of Other Forms | 150110199 | 4375/- |
| Sale Of Scrap | 150120103 | 6575/- |

എന്നാൽ ഇതിന്റെ സാധുത പരിശോധിക്കാനുള്ള ഫയലുകൾ ലഭ്യമാക്കിയില്ല. ഫയൽ ലഭ്യമാക്കാത്തതിനാൽ തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ലേലം രജിസ്റ്ററിൽ മേൽ വരവുകൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. ആയതിനാൽ 19325/- രൂപയുടെ വരവിന്റെ കൃത്യത പരിശോധിക്കുന്നതിനായി ബന്ധപ്പെട്ട ഫയലും അനുബന്ധ രേഖകളും ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം 09/26.04.2022)

## 1-38 സ്ഥാപന തൊഴിൽ നികുതി-ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

2020-21 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ നിന്നും സ്ഥാപന തൊഴിൽ നികുതിയിനത്തിലായി 198690/- രൂപ ഡിമാന്റ് ചെയ്തിട്ടുള്ളതും 105820/- രൂപ പ്രസ്തുത വർഷത്തിൽ വരവു വന്നിട്ടുള്ളതുമാണ്. മേൽ തുകകളുടെ കൃത്യത പരിശോധിക്കുന്നതിനായി സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും(ഓഡിറ്റ് അന്വേഷണം നം. 20/27.04.2022) ലഭ്യമാക്കിയില്ല. കേരള പഞ്ചായത്ത് രാജ് നിയമം 1994, സെക്ഷൻ 205 I പ്രകാരം വാർഡ് തലത്തിലുള്ള തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

## 1-39 തൊഴിൽ നികുതി ഈടാക്കിയില്ല

കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം, ഒരു അർദ്ധവർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന കമ്പനികളും സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരും, താമസിച്ച് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും എല്ലാ മാർഗ്ഗങ്ങളിൽ കൂടിയും അയാളുടെ ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടയ്ക്കുവാൻ ബാദ്ധ്യസ്ഥരാണ്.

1. പഞ്ചായത്തിന്റെ പരിധിയിൽ 7 പൊതുവിതരണ കേന്ദ്രങ്ങളും 3 കള്ളുഷോപ്പുകളും പ്രവർത്തിക്കുന്നുണ്ടെങ്കിലും പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

2. അസി.എഞ്ചിനീയറുടെ എഗ്രിമെന്റ് രജിസ്റ്റർ, സെക്യൂരിറ്റി രജിസ്റ്റർ എന്നിവ പരിശോധിച്ചതു പ്രകാരം 2020-21 സാമ്പത്തിക വർഷ കാലയളവിൽ പഞ്ചായത്തിൽ കരാറുകാരായി പ്രവർത്തിച്ച താഴെ പറയുന്നവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | പേര് |
|---|---|
| 1 | എം എസ് സച്ചിൻ |
| 2 | അർഷദ് വി |
| 3 | അസ്ഹർ കെ എ |
| 4 | പി എ സജീവൻ |
| 5 | സി വി സിദ്ദാർത്ഥൻ |

| | |
|---|---|
| 6 | സജീവൻ കെ കെ |
| 7 | സിജിൽ കുമാർ ഇ ജി |
| 8 | ഷഹീദ് എൻ കെ |
| 9 | ആഷിക്ക് കെ എം |
| 10 | സദാനന്ദൻ എൻ പി |
| 11 | രാഘവൻ പി കെ |
| 12 | റഫീക്ക് വി എച്ച് |
| 13 | അരുൺ കെ പി |
| 14 | സി വി ഷാൻ |
| 15 | രാഹുൽ സി ആർ |

ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും മറ്റു പഞ്ചായത്തുകളിൽ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതുമാണ്.(ഓഡിറ്റ് എൻക്വയറി നം. 21/27.04.2022)

3. 2020-21 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ, താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | സരസ്വതി വിദ്യാനികേതൻ | II |
| 2 | ഐഡിയൽ ഇംഗ്ലീഷ് മീഡിയം സ്കൂൾ | I & II |
| 3 | വടക്കുഞ്ചേരി ടിമ്പേഴ്സ്, എടവിലങ്ങ് | I & II |

പ്രസ്തുത സ്ഥാപനങ്ങൾ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോ എന്നു വ്യക്തമാക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക്(10/26.04.2022) മറുപടി ലഭ്യമാക്കിയില്ല.മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

## 1-40 വിമുക്ത ഭടൻമാർക്കുള്ള നികുതി ഒഴിവ്- സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണ്

26.05.2017 ലെ സ.ഉ(കൈ) നം.106/2017/തസ്വഭവ പ്രകാരം വസ്തു നികുതി ഒടുക്കുന്നതിൽ നിന്നും നികുതി ഒഴിവ് ലഭ്യമാക്കുന്നതിന് ഓരോ വർഷവും മാർച്ച് 31 ന മുമ്പ് നിശ്ചിത മാതൃകയിൽ സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണ്. 2019-20 സാമ്പത്തിക വർഷത്തിൽ സഞ്ചയയിൽ നിന്നുള്ള ലിസ്റ്റ് പ്രകാരം ആകെ 35 വിമുക്ത ഭടൻമാർക്ക്/അവരുടെ ഭാര്യമാർക്ക് വസ്തുനികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവ് നൽകിയിട്ടുള്ളതാണ്. എന്നാൽ ആകെ 6 പേർ മാത്രമേ സാക്ഷ്യപത്രം സമർപ്പിച്ചിട്ടുള്ളൂ. ആയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 31/30.04.2022) മറുപടി ലഭ്യമാക്കിയില്ല. യഥാസമയം അപേക്ഷ സ്വീകരിക്കേണ്ടതും അതതു വർഷത്തേക്കുമാത്രം നികുതി ഒഴിവാക്കേണ്ടതുമാണ്.

## 1-41 എൻ.ആർ.ഇ.ജി.എസ് -ക്വാറിമക്ക് അധിക നിരക്ക് നല്കി.

ഗ്രാമപഞ്ചായത്തിലെ അസി.എൻജിനീയർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മരാമത്ത് പണികളിൽ ക്വാറിമക്ക് വിരിക്കുന്ന ഇനത്തിന് (ഡാറ്റാ ഇനം 51.2.3 പ്രകാരമുള്ള )നിരക്ക് 891.01/m3 രൂപയാണ്.അതേ സമയം എൻ.ആർ.ഇ.ജി.എസ് ഡാറ്റ പ്രകാരം ഈ ഇനത്തിനുള്ള നിരക്ക് 1262.79/m3 രൂപയാണ്.ഒരേ ഇനത്തിന് വ്യത്യസ്ത നിരക്കുകൾ നൽകുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ സൂചിപ്പിച്ചത് എൻ.ആർ.ഇ.ജി.എസ്. നിരക്കുകൾ നിർണയിക്കുന്നത് GO(Rt)1640/16/LSGD/10/5/16 പ്രകാരമുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഓരോ ജില്ലയിലെയും പി.ഡബ്ളിയു.ഡി.ബിൽഡിങ് എക്സി.എൻജിനീയറുടെ നേതൃത്വത്തിലുള്ള സമിതി പ്രാദേശിക തലത്തിൽ നിരക്കുകൾ സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന്റെ അടിസ്ഥാനത്തിലാണെന്നാണ്. 2016ലെ തന്നെ ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരമുള്ള നിരക്ക് അനുസരിച്ചാണ് അസി.എൻജിനീയർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കുന്ന പ്രവൃത്തികൾ നിർവഹിക്കുന്നത് .ഇതേ നിർവഹണോദ്യോഗസ്ഥൻ കൺവീനർ ആയുള്ള ടെക്നിക്കൽ കമ്മിറ്റിയാണ് എൻ.ആർ.ഇ.ജി.എസ്. പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നത്. ഒരേവർഷം നടത്തുന്ന പ്രവൃത്തികൾക്ക് ഇപ്രകാരം ഒരേയിനത്തിൽ വ്യത്യസ്ത നിരക്കുകൾ നൽകുന്നതിനെക്കുറിച്ച് സർക്കാർ തലത്തിൽ പഠനം നടത്തി ഉചിതമായ തീരുമാനമെടുക്കുന്നത് ശ്രദ്ധേയമായ കാര്യമായിരിക്കും.സാമ്പത്തികവർഷം മേൽ പദ്ധതിയുടെ ഭാഗമായി ഒമ്പതാം വാർഡിൽ ബഹദൂർ സ്മാരക സ്റ്റേജിന്റെ പിൻവശത്തു കൂടി മെയിൻ റോഡ് വരെയുമുള്ള ഭാഗങ്ങൾ കോൺക്രീറ്റ് ചെയ്യുന്നതിന്റെ ഭാഗമായി മേൽപറഞ്ഞ ഇനം പ്രവൃത്തി നടത്തിയിട്ടുള്ളതാണ്.

ഈ വിഷയത്തിൽ ഭരണസമിതി തലത്തിൽ തീരുമാനമെടുത്ത് നിരക്കുകളിലെ പൊരുത്തക്കേട് സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നത് ഉചിതമായിരിക്കും.

## 1-42 പഞ്ചായത്ത് ലൈബ്രറി-ലൈബ്രറി ഗ്രാന്റ് വിനിയോഗിച്ചില്ല.

2020-21 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി4 ൽ ലൈബ്രറി ഗ്രാന്റ് ബാലൻസ് ഇനത്തിൽ 23.5.2018 ൽ വരവ് വെച്ച 8875 രൂപ നാളിതുവരെ വിനിയോഗിച്ചിട്ടില്ല. ലൈബ്രറി സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 2017-18 ൽ ലൈബ്രറി ഗ്രാന്റിൽ നിന്ന് പുസ്തകങ്ങൾ വാങ്ങിയ ശേഷം പിന്നീട് പുസ്തകങ്ങൾ വാങ്ങിയിട്ടില്ല.

ലൈബ്രറിയുടെ സ്റ്റോക്കിൽ 10566 പുസ്തകങ്ങൾ ഉണ്ട്.ആയതിൽ 2000 ൽഅധികം പുസ്തകങ്ങൾ കേടുപാടുകൾ സംഭവിച്ച് ഉപയോഗ ശൂന്യമായ നിലയിലായതിന്റെ കണക്ക് ലൈബ്രേറിയൻ തയ്യാറാക്കിയിട്ടുണ്ട്. ഉപയോഗ ശൂന്യമായവയുടെ കണക്ക് പൂർണ്ണമാക്കിയിട്ടില്ല. ലൈബ്രറിയുടെ കെട്ടിടം നവീകരിച്ച് രണ്ട് മുറികൾ ,ഹാൾ എന്നിവയോടു കൂടി വിപുലീകരിച്ച് റാക്ക് അടക്കമുള്ള സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. കാറ്റലോഗ് തയ്യാറാക്കിയിട്ടില്ല. പുസ്തകങ്ങൾ നശിച്ച് പോകാത്ത വിധത്തിൽ സംരക്ഷിക്കുന്നതിനും കാറ്റലോഗ് തയ്യാറാക്കി വായനക്കാർക്ക് ഉപയോഗ പ്രദമാക്കുന്നതിലേക്കും ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-43 ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് റേഷൻ കടകൾ, കള്ളുഷാപ്പുകൾ, ക്ഷീരസഹകരണ സംഘങ്ങൾ എന്നിവ പ്രവർത്തിക്കുന്നു

ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് റേഷൻ കടകൾ പ്രവർത്തിക്കുന്നു :

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റേഷൻ കടകൾ പ്രവർത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ 7 പൊതുവിതരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും മേൽ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്.

ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്നു :

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 139 പ്രകാരം കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ 3 കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിട്ടില്ല.

ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് ക്ഷീരസഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു :

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 132 പ്രകാരം ക്ഷീരസഹകരണ സംഘം പ്രവർത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ 2 ക്ഷീരസഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഒരു സഹകരണ സംഘം മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്.

ആയതുമായി ബന്ധപ്പെട്ടു നൽകിയ എൻക്വയറിക്ക് (നമ്പർ: 7/26.04.2022), മേൽ പറഞ്ഞ സ്ഥാപനങ്ങൾക്ക് 2022-23 സാമ്പത്തിക വർഷം ലൈസൻസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് രേഖാമൂലം നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-44 പരാതി രജിസ്റ്റർ ശരിയായി സൂക്ഷിച്ചിട്ടില്ല

പരാതി രജിസ്റ്റർ ആധികാരികമായി സൂക്ഷിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള പരാതി രജിസ്റ്ററിൽ 16/8/19 മുതൽ 29/1/21 വരെയും തുടർന്ന് 29/1/21 മുതൽ 4/7/21 വരെ കിട്ടിയതുമായ പരാതികളിന്മേൽ നടപടികൾ സ്വീകരിച്ചതിന്റെ വിവരം രേഖപ്പെടുത്തുകയോ,സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

പരാതി രജിസ്റ്റർ ആധികാരികമായി സൂക്ഷിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-45 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകൽ- അധികം നൽകിയ തുക

## 10324/-രൂപ തിരികെ ഈടാക്കേണ്ടതാണ്

ഡയറി എക്സ്റ്റൻഷൻ ഓഫീസർ 2020-21 സാമ്പത്തിക വർഷം നടപ്പിലാക്കിയ പദ്ധതി നം. 131/21 (2019-20 സാമ്പത്തിക വർഷത്തിലെ സ്പിൽ ഓവർ പദ്ധതി നം.63/20), ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകൽ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകത കാണുന്നു.
1. സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്) 22 /2018/ തസ്വഭവ. 14.02.2018 ലെ ഉത്തരവു പ്രകാരം ഒരു ലിറ്റർ പാലിന് 3 രൂപ നിരക്കിൽ (ഡിപ്പാർട്ട്മെന്റ് സബ്സിഡി അടക്കം പരമാവധി 4 രൂപ) ഒരു കർഷകന് കൊടുക്കാവുന്ന പരമാവധി തുക 40,000 രൂപയായി നിജപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ ലഭ്യമാക്കിയ ഫയലുകൾ പരിശോധിച്ചതിൽ (ഫയലുകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 26.04.2022 ന് ഓഡിറ്റ് റിക്വിസിഷൻ നൽകിയതിനു ശേഷം 29.04.2022 ന് ഉച്ചക്കുശേഷം മാത്രമാണ് ഫയലുകൾ പരിശോധനക്കായി ലഭ്യമാക്കിയത്) താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് 10324/-രൂപ അധികമായി നൽകിയിട്ടുണ്ട്.

പദ്ധതി നം. : 63/20, SO 131/21

അടങ്കൽ തുക : 800000/-

ബിൽ നം 1. 148/26.11.2019 , തുക : 200000/-

2. 34/12.05.2020 , തുക : 400000/-

3. 35/12.05.2020 , തുക : 200000/-

| പേര് | ക്ഷീര സംഘം | ഫയൽ പ്രകാരം അളന്ന പാൽ (ലിറ്ററിൽ) | | | | നൽകേണ്ട തുക (3rs/ ലിറ്റർ) | നൽകിയ തുക | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|
| | | 01.04.19-21.07.19 | 22.7.19-20.09.19 | 21.10.19-31.12.19 | ആകെ | | | |
| മോഹൻലാൽ കെ വി | എടവിലങ്ങ് | 7655 | 3858 | 1762 | 13275 | 39825 | 44762 | 4937 |
| നിഷ സുനിൽ | എടവിലങ്ങ് | 11717 | 1617 | 0 | 13334 | 40000 | 43669 | 3669 |
| ജോജി സി ജി | എടവിലങ്ങ് | 6414 | 3017 | 2778 | 12209 | 36627 | 37433 | 806 |
| സോജൻ സേവ്യർ | എടവിലങ്ങ് | 5507 | 1978 | 1674 | 9159 | 27477 | 28389 | 912 |
| | | | | | | | ആകെ | 10324 |

അധികം നൽകിയ 10324/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 1-46 ആസ്തി രജിസ്റ്റർ കാലികമല്ല,ആസ്തി എങ്ങിനെ ആർജിച്ചു എന്നതിന്റെ വിവരം ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല

ആസ്തി രജിസ്റ്ററിൽ സ്ഥിരാസ്തികളുടെ മൂല്യം പ്രതിഫലിക്കുന്നില്ല എന്നു മാത്രമല്ല ,ആസ്തികളിൽ സംരക്ഷണപ്പണി നടത്തിയതിന്റെ വിവരങ്ങൾ ,തേയ്മാനം എന്നിവ കാലോചിതമായി ചേർക്കുന്നുമില്ല. താഴെപ്പറയുന്ന ആസ്തി ഗ്രാമപഞ്ചായത്ത് എപ്രകാരം ആർജിച്ചു എന്നതിന്റെ വിവരവും ലഭ്യമല്ല.

ആസ്തി രജിസ്റ്റർ വോള്യം 092 പ്രകാരം മണ്ണാന്തറ ഗോപി എന്നവരുടെ വീട്ടുവളപ്പിലുള്ള കിണർ, എപ്രകാരമാണ് പഞ്ചായത്തിന് ആസ്തിയായി ലഭിച്ചത് എന്നത് സംബന്ധിച്ച് ശ്രീ.എം.ജി.സിനിലാൽ മണ്ണാന്തറ ഹൗസ് കാര പോസ്റ്റ് എന്നവർ സമർപ്പിച്ച വിവരാവകാശം സംബന്ധിച്ചുള്ള അപേക്ഷയിന്മേൽ 13/1/20 ന് നൽകിയ A3-6036/19 നമ്പർ മറുപടിയിൽ സൂചിപ്പിച്ചത് ആയതു സംബന്ധിച്ച വിവരങ്ങൾ പരിശോധിച്ചെങ്കിലും കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല എന്നാണ്. മേൽപറഞ്ഞ സിനിലാലിന്റെ അപേക്ഷയിൽ ഈ കിണർ 1975-80 കാലയളവിൽ ഗ്രാമവികസനബ്ളോക്കിന്റെ ധനസഹായം ഉപയോഗിച്ച് നിർമിച്ചതാണ് എന്നുള്ളതാണ്. ഇത് ഗ്രാമപഞ്ചായത്തിന് കൈമാറിയതിന്റെ യാതൊരു രേഖയും ഗ്രാമപഞ്ചായത്തിൽ ഇല്ല എന്ന് മറുപടിയിൽ വ്യക്തമാക്കുന്നുണ്ട്.

ആസ്തി രജിസ്റ്ററിൽ വിവരങ്ങൾ ചേർക്കുമ്പോൾ ആയതിന്റെ ആധികാരികതയും വസ്തുനിഷ്ഠതയും കൂടി ഉറപ്പുവരുത്തേണ്ടതാണ്.

## 1-47 പത്ര പരസ്യം -സർക്കാർ നിർദ്ദേശപ്രകാരമുള്ള ഡിസ്കൗണ്ട് ലഭ്യമായില്ല

ജി.ഒ (ആർ.ടി) 01/11 ഐ & പി.ആർ.ഡി തീ.04.01.2011, ജി.ഒ (ആർ.ടി)288/14/ഐ & പി.ആർ.ഡി തീ.10.09.2014 എന്നീ ഉത്തരവുകൾ പ്രകാരം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനയോ, നേരിട്ടോ സർക്കാർ സ്ഥാപനങ്ങളും

തദ്ദേശഭരണസ്ഥാപനങ്ങളും വർത്തമാന പത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന് 15% ഡിസ്കൗണ്ട് അനുവദനീയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ബ്ലോക്കിൽ 2020-21 വർഷത്തിൽ വിവിധ ആവശ്യങ്ങൾക്കായി പത്രങ്ങളിൽ പരസ്യം നൽകിയതിനുള്ള പരസ്യ ചാർജ് നൽകിയപ്പോൾ ഡിസ്കൗണ്ട് ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പദ്ധതി നം./പേര് | വൗച്ചർ നം. | തുക | പത്രം |
|---|---|---|---|
| പദ്ധതി ആസൂത്രണം മോണിറ്ററിംഗ്, 09/20 | 22000131/30.6.2020<br>22000349/18.09.2020<br>22000485/07.11.2020 | 67402/-(23688/-deshabhimani)<br>72734/-(26796/-deshabhimani)<br>20700/ | ദേശാഭിമാനി |
| | | | |

സർക്കാർ ഉത്തരവിന് വിരുദ്ധമായി വിവിധ ബില്ലുകളിലായി അധികമനുവദിച്ച തുക ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനോ, ഭാവിയിൽ ഈ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ബിൽ തുകയിൽ നിന്ന് ക്രമീകരിക്കുന്നതിനോ നടപടികൾ ഉണ്ടാവേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 15/27.04.2022 )

## 1-48 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി 2020-21 വർഷം നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ ഹാജരാക്കിയില്ല.

| ക്രമ നം. | പദ്ധതി നം./പേര് | വൗച്ചർ.നം. | തുക | അപാകത |
|---|---|---|---|---|
| 1 | ഐ.കെ.എം.വിഹിതം നൽകൽ,04/21 | 22000184/17.06.2020 | 52000/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. |
| 4 | കാൻ തൃശ്ശൂർ-വിഹിതം നൽകൽ,55/21 | 22000555/06.11.2020<br>22000492/07.11.2020 | 125000/-<br>75000/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്

## 1-49 വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.

വി.ഇ.ഒ.,കാര നിർവഹണഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതി നം./പേര് | വൗച്ചർ.നം. | തുക | അപാകത |
|---|---|---|---|---|
| 1 | ജൽജീവൻ മിഷൻ,180/21 | 22000970/26.03.2021 | 845132/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്

## 1-50 ലൈഫ് മിഷൻ പട്ടികജാതി വിഹിതം വികസനഫണ്ടിൽ നിന്നും കുറവ് ചെയ്തു

2020-21 വർഷത്തെ വികസനഫണ്ടിൽ നിന്നും താഴെപ്പറയും പ്രകാരം ലൈഫ് മിഷൻ പട്ടികജാതി വിഹിതം കുറവ് ചെയ്തിട്ടുണ്ട്.(പദ്ധതി നം.163/20)

സ.ഉ.(സാധാ)4461/2020/ധന. തി.03.08.2020- 58588/-

ലൈഫ് മിഷൻ ഭവനവായ്പ ഇനത്തിൽ പൊതുവിഭാഗം ഫണ്ട് മാത്രമാണ് ലോണായി ലഭ്യമായിട്ടുള്ളത്. പൊതുവിഭാഗത്തിനു മാത്രമാണ് ലൈഫ് മിഷൻ പദ്ധതി നടപ്പാക്കിയിട്ടുള്ളത്. സ.ഉ.കൈ.നം.11/2018/തസ്വഭവ തി.29.01.2018 ഖണ്ഡിക 6-1 പ്രകാരം പട്ടികജാതി പദ്ധതി വിഹിതം പാഴാക്കാനോ വകമാറ്റി ചെലവഴിക്കാനോ പാടുള്ളതല്ല. ഇക്കാര്യം സർക്കാരിനെ അറിയിച്ച് തുക ക്രമീകരിക്കേണ്ടതാണ്.

## 1-51 പൊട്ടുവെള്ളരി കൃഷിക്ക് ധന സഹായം -അധിക തുക നൽകി .

പദ്ധതി നമ്പർ-68/21

നിർവ്വഹണ ഉദ്യോഗസ്ഥ-കൃഷി ഓഫീസർ

ബിൽ നമ്പർ-15/26.3.21-62200/-

സുഭിക്ഷ കേരളം പദ്ധതി ഉത്തരവ് നമ്പർ-സ.ഉ(സാധാ) 1009/2020/തസ്വഭവ തീയതി. 29.5.20 പ്രകാരം പച്ചക്കറി കൃഷിക്ക് കൂലി ചെലവായി അനുവദിക്കാവുന്നത് ഹെക്ടറിന് 20000രൂ ആണ്. (സെന്റിന് 80രൂ) താഴെ കൊടുക്കുന്ന ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചപ്പോൾ കൂടുതൽ തുക സബ്സിഡി ഇനത്തിൽ നൽകിയിട്ടുണ്ട്.വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തീർണ്ണം | നൽകിയ സബ്സിഡി | നൽകാവുന്ന സബ്സിഡി | അധികം |
|---|---|---|---|---|---|
| 1 | മുകുന്ദൻ,പറക്കോട്ട് എടവിലങ്ങ് | 50 സെന്റ് (അപേക്ഷയിൽ കാണിച്ചത്) | 6800 | 4000 | 2800 |
| 2 | ബിജോയ് .എം.കെ,മാങ്കറ,എടവിലങ്ങ് | 25 സെന്റ് പാട്ടത്തിന് കൊടുത്തതായാണ് ഉടമയുടെ സമ്മത പത്രത്തിൽ കാണിച്ചിരിക്കുന്നത്. | 3400 | 2000 | 1400 |
| 3 | വിനു.എസ്.ശിവരാമൻ,പറക്കോട്ട്,എടവിലങ്ങ് | 30 സെന്റ് (അപേക്ഷയിൽ കാണിച്ചത്) | 3400 | 2400 | 1000 |
| | | | | ആകെ | 5200/- |

അധികം നൽകിയ തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.(എൻക്വയറി നമ്പർ-25/28.4.22)

## 1-52 മരാമത്ത് പദ്ധതിപ്രവർത്തനവും പദ്ധതിച്ചെലവും

മരാമത്ത് പദ്ധതി പ്രവർത്തനവും പദ്ധതിച്ചെലവും

2020-21 സാമ്പത്തികവർഷം66 പ്രൊജക്ടുകൾ ആവിഷ്കരിച്ചതിൽ 61 പ്രൊജക്ടുകൾക്കുവേണ്ടിയും തുക ചെലവഴിച്ചിട്ടുണ്ട്. മൊത്തം 25389357 രൂപയുടെ അടങ്കൽ ആവിഷ്കരിച്ചതിൽ 19733097 രൂപ ചെലവഴിക്കാനും കഴിഞ്ഞിട്ടുണ്ട്. മുൻവർഷത്തെ അപേക്ഷിച്ച് പദ്ധതി പ്രവർത്തനത്തിൽ കാര്യമായ പുരോഗതിയാണ് സാമ്പത്തികവർഷം കൈവരിച്ചിട്ടുള്ളത്.

## 1-53 അസി. എൻജിനീയർ നിർവഹണം നടത്തിയ പദ്ധതികൾ-പൊതുനിരീക്ഷണങ്ങൾ

ഗ്രാമപഞ്ചായത്തിലെ അസി. എൻജിനീയർ എന്നിവർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊജക്ടുകളിന്മേലുള്ള പൊതു നിരീക്ഷണങ്ങൾ താഴെ കൊടുക്കുന്നു.

1. 2012 ലെ കേരളാ പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2010 അനുശാസിക്കുന്ന മാതൃകയിലല്ല കരാറുകാരുമായി കരാർ ചമച്ചിട്ടുള്ളത് .കാലഹരണപ്പെട്ട കേരള ഡിറ്റയിൽഡ് സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള മാതൃകയിലാണ് ഇപ്പോഴും കരാർ ചമച്ചുവരുന്നത്.

2. പ്രൊജക്ടുകൾ പൂർത്തീകരിക്കുന്നമുറയ്ക്ക് മോണിറ്ററിങ് റിപ്പോർട്ട് ചേർക്കുകയോ അഥവാ ചേർത്താൽ അവയിൽ ഒപ്പ് രേഖപ്പെടുത്തുകയോ ചെയ്യാത്തതായി കാണുകയുണ്ടായി.

2012 ലെ കേരള പൊതുമരാമത്ത് മാന്വൽ എല്ലാ ത.സ്വ.ഭ.വ. സ്ഥാപനങ്ങൾക്കും ബാധകമാക്കിയിട്ടുള്ളതിനാൽ ആയതിലെ നിബന്ധനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് തന്നെ കരാറുകൾ ചമച്ച് ആധികാരികമായി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-54 ഗ്രാമപഞ്ചായത്തിന് ലഭിക്കുന്ന സേവനങ്ങളിന്മേൽ ജി.എസ്.റ്റി. അടവാക്കി

ഗ്രാമപഞ്ചായത്തിന് ലഭിക്കുന്ന സംശുദ്ധസേവനത്തിന് ജി.എസ്.റ്റി. അടവാക്കുന്നു

കേന്ദ്ര വിജ്ഞാപനം 12/17 (Central Tax) Rate തീയ്യതി 27/6/17പ്രകാരവും സംസ്ഥാന സർക്കാർ വിജ്ഞാപനം SRO 371/17 (സർക്കാർ ഉത്തരവ് (പി)73/17 Taxes തീയ്യതി 30/6/17) പ്രകാരവും ഭരണഘടന വകുപ്പ് 243G പ്രകാരമുള്ള പട്ടികയിൽ പഞ്ചായത്തുകളുടെ ചുമതലകളായി ചേർത്തിട്ടുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട് പഞ്ചായത്തുകൾക്ക് ലഭിക്കുന്ന സേവനങ്ങൾക്ക് യഥാക്രമം കേന്ദ്ര ജി.എസ്.ടി,സംസ്ഥാന ജി.എസ്.ടി എന്നിവ നല്കേണ്ടതില്ല. ("*(Pure Services (Excluding Works Contract Service OrAA Other Composite Supplies Involving Supply Of Any Goods ) Provided To The Central Government,State Government Or Union Territory Or Local Authority Or A Government Authority By Way Of Any Activity In Relation To Any Function Entrusted To A Panchayat Under Article 243G Of The Constitution Or In Relation To Any Function Entrusted To A Municipality Under Article 243W Of The Constitution")* .ഭരണഘടന വകുപ്പ് 243G പ്രകാരമുള്ള പട്ടികയിലെ ക്രമനമ്പർ (lll) പ്രകാരം Minor Irrigation,water Management And Watershed Development എന്നിവ പഞ്ചായത്തുകളുടെ ചുമതലയിൽപ്പെടുന്നു.അസിസ്റ്റന്റ് എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ ചേർത്തിരിക്കുന്ന പ്രോജക്റ്റിൽ പഞ്ചായത്ത് ജി.എസ്.ടി നല്കുന്നു. ഫയൽ,എംബുക്ക് എന്നിവ പരിശോധിച്ചതിൽ അറപ്പത്തോടുകളിൽ നിന്നും മണ്ണ് നീക്കം ചെയ്ത് ദൂരെ നിക്ഷേപിച്ച് തോട്ടിലെ നീരൊഴുക്ക് സുഗമമാക്കുന്ന പ്രവർത്തിയ്ക്ക് ജി.എസ്.ടി നൽകിക്കാണുന്നു.മുകളിൽ സൂചിപ്പിച്ച ഉത്തരവുകൾ പ്രകാരം പഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ട സേവന ലഭ്യതക്കാണ് കരാറുകാരന് കേന്ദ്ര ജി.എസ്.ടി,സംസ്ഥാന ജി.എസ്.ടി തുക ചേർത്ത് ബില്ലിൽ നല്കിയിരിക്കുന്നത്.വിശദ വിവരങ്ങൾ താഴെ ചേർത്തിരിക്കുന്നു.

| ക്രമനം | പ്രൊജക്റ്റ് നം, അടങ്കൽ, ഫണ്ട്, പ്രവൃത്തി, കരാറുകാരൻ | അളവുപുസ്തകം | പ്രവൃത്തിമൂല്യം | ജി.എസ്.റ്റി. 5% | ജി.എസ്.റ്റി. ഉൾപെടെ പ്രവൃത്തിമൂല്യം | ബിൽ നം | തുക |
|---|---|---|---|---|---|---|---|
| 1 | 184/21, 683400,CFC ഗ്രാന്റ് പഞ്ചാത്ത് തോടുകളുടെയും കുളങ്ങളുടെയും നവീകരണം, ആഷിഷ കാസിം | 56/21 | 514372.69 | 25718.63 | 540091.32 | 44/29/3/21 | 540091 |
| 2 | 119/21, 500000, CFC ഗ്രാന്റ്<br>500000, മറ്റുള്ളവ ജലരക്ഷ ജീവരക്ഷ അറപ്പത്തോട് വേടിത്തോട് നവീകരണം,എം.എസ്. സച്ചിൽ | 11/19-20, 41/19-20 | 950702.68 | 47538.13 | 998237.81 | 6/21/8/20<br>9/18/9/20 | 498238<br>500000 |
| 3 | 150/21, 100000,വികസനഫണ്ട് ജനറൽ<br>434000 മറ്റുള്ളവ, ജലസ്രോതസ്സുകളുടെ നവീകരണം | 39/19-20 | 460797.55 | 23039.88 | 483837.37 | 3/15/6/20<br>5/14/8/20 | 100000<br>383837 |

മേൽപ്രകാരം ആകെ 96296.54 രൂപ ,അതായത്, 96297 രൂപ സംസ്ഥാനസർക്കാരിലേക്ക് അടക്കേണ്ടി വന്നിട്ടുണ്ട്. വികസനപ്രവർത്തനങ്ങൾക്കുവേണ്ടി ഉപയോഗിക്കാമായിരുന്ന തുകയാണ് ഇപ്രകാരം സംസ്ഥാനസർക്കാരിലേക്ക് അടവാക്കിയിട്ടുള്ളത്. ആയതിന് വിശദീകരണം നൽകേണ്ടതും ഭാവിയിൽ ഇപ്രകാരമുള്ള അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-55 അരയംപടിക്കൽ ക്ഷേത്രം റോഡ് പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ

ഈടാക്കിയിട്ടില്ല

അരയംപടിക്കൽ ക്ഷേത്രം റോഡ് -പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയിട്ടില്ല

കേരള പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2112 അനുസരിച്ച് മുൻകൂട്ടി കാണാൻ കഴിയാത്ത കാരണത്താൽ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാത്തപക്ഷം പ്രവൃത്തികാലാവധിയുടെ 50% സമയം പരമാവധി നീട്ടി അനുവദിക്കാവുന്നതാണ്.കരാറുകാരന് ഭാഗികമായോ ,പൂർണമായോ കാരണത്താൽ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാത്തപക്ഷം ആദ്യ തവണ കരാർ കാലാവധിയുടെ 25% അധികസമയം കരാർ തുകയുടെ 1%പിഴ ഈടാക്കിക്കൊണ്ടും രണ്ടാമത്തെ തവണ 2% പിഴ ഈടാക്കിക്കൊണ്ടും പ്രവൃത്തി കാലാവധി നീട്ടി അനുവദിക്കാവുന്നതാണ്. സാങ്കേതികാനുമതി പ്രകാരം 9 മാസം കൊണ്ട് ചെയ്ത് തീർക്കേണ്ട ഈ പ്രവൃത്തിയുടെ കാര്യത്തിൽ കരാർ വെച്ച് 11 മാസങ്ങൾക്ക് ശേഷമാണ് കരാറുകാരൻ പ്രവൃത്തി തുടങ്ങിയത്. സമയം നീട്ടി അനുവദിക്കുവാൻ ടിയാൻ രേഖാമൂലം അപേക്ഷ സമർപ്പിച്ചിട്ടുമില്ല.

പ്രവൃത്തി സംബന്ധിച്ച പൊതുവിവരം താഴെ കൊച്ചുക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം | 158/21 |
| അടങ്കൽ,ഫണ്ട് | 365000 CFC ഗ്രാന്റ് |
| സാ.അനുമതി | LSGD/TS/2019-20 /42106/24/6/19 |
| കരാറുകാരൻ | എം.എസ്. സച്ചിൽ |
| കരാർ | 4/AE/LSGD /EDV/2019-20 /23/11/19 |
| അളവുപുസ്തകം | 47/19-20 |
| ബിൽ നം, തുക | 19/2/1/21, 167316<br>21/26/2/21, 197581 |
| പ്രവൃത്തി തുടങ്ങിയത് | 31/10/20 |
| ,, മുഴുവനാക്കിയത് | 4/1/21 |

കരാറകാരനിൽ നിന്നും ഈടാക്കേണ്ട പിഴ സംബന്ധിച്ച വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| കരാർ തുക | 325206.05 |
| ഈടാക്കേണ്ട തുക 3% നിരക്കിൽ | 9756 രൂപ |

ടി തുക കരാറുകാരനിൽ നിന്നും ഈടാക്കി സഞ്ചിതനിധിയിലടവാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകൽ- അധികം നൽകിയ തുക 10324/-രൂപ തിരികെ ഈടാക്കേണ്ടതാണ്

ഡയറി എക്സ്റ്റൻഷൻ ഓഫീസർ 2020-21 സാമ്പത്തിക വർഷം നടപ്പിലാക്കിയ പദ്ധതി നം. 131/21 (2019-20 സാമ്പത്തിക വർഷത്തിലെ സ്പിൽ ഓവർ പദ്ധതി നം.63/20), ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകൽ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകത കാണുന്നു.

1. സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്) 22 /2018/ തസ്വഭവ. 14.02.2018 ലെ ഉത്തരവ് പ്രകാരം ഒരു ലിറ്റർ പാലിന്

3 രൂപ നിരക്കിൽ (ഡിപ്പാർട്ട്മെന്റ് സബ്സിഡി അടക്കം പരമാവധി 4 രൂപ) ഒരു കർഷകന് കൊടുക്കാവുന്ന പരമാവധി തുക 40,000 രൂപയായി നിജപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ ലഭ്യമാക്കിയ ഫയലുകൾ പരിശോധിച്ചതിൽ (ഫയലുകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 26.04.2022 ന് ഓഡിറ്റ് റിക്വിസിഷൻ നൽകിയതിനു ശേഷം 29.04.2022 ന് ഉച്ചക്കുശേഷം മാത്രമാണ് ഫയലുകൾ പരിശോധനക്കായി ലഭ്യമാക്കിയത്) താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് 10324/-രൂപ അധികമായി നൽകിയിട്ടുണ്ട്.

പദ്ധതി നം. : 63/20, SO 131/21

അടങ്കൽ തുക : 800000/-

ബിൽ നം 1. 148/26.11.2019 , തുക : 200000/-

2. 34/12.05.2020 , തുക : 400000/-

3. 35/12.05.2020 , തുക : 200000/-

| പേര് | ക്ഷീര സംഘം | ഫയൽ പ്രകാരം അളന്ന പാൽ (ലിറ്ററിൽ) | | | | നൽകേണ്ട തുക (3rs/ ലിറ്റർ) | നൽകിയ തുക | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|
| | | 01.04.19-21.07.19 | 22.7.19-20.09.19 | 21.10.19-31.12.19 | ആകെ | | | |
| മോഹൻലാൽ കെ വി | എടവിലങ്ങ് | 7655 | 3858 | 1762 | 13275 | 39825 | 44762 | 4937 |
| നിഷ സുനിൽ | എടവിലങ്ങ് | 11717 | 1617 | 0 | 13334 | 40000 | 43669 | 3669 |
| ജോജി സി ജി | എടവിലങ്ങ് | 6414 | 3017 | 2778 | 12209 | 36627 | 37433 | 806 |
| സോജൻ സേവ്യർ | എടവിലങ്ങ് | 5507 | 1978 | 1674 | 9159 | 27477 | 28389 | 912 |
| | | | | | | | ആകെ | 10324 |

അധികം നൽകിയ 10324/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 3-2 പൊട്ടുവെള്ളരി കൃഷിക്ക് ധന സഹായം -അധിക തുക 5200/-നൽകി

പദ്ധതി നമ്പർ-68/21

നിർവ്വഹണ ഉദ്യോഗസ്ഥ-കൃഷി ഓഫീസർ

ബിൽ നമ്പർ-15/26.3.21-62200/-

സുഭിക്ഷ കേരളം പദ്ധതി ഉത്തരവ് നമ്പർ-സ.ഉ(സാധാ) 1009/2020/തസ്വഭവ തീയതി. 29.5.20 പ്രകാരം പച്ചക്കറി കൃഷിക്ക് കൂലി ചെലവായി അനുവദിക്കാവുന്നത് ഹെക്ടറിന് 20000രൂ ആണ്. (സെന്റിന് 80രൂ) താഴെ കൊടുക്കുന്ന ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചപ്പോൾ കൂടുതൽ തുക സബ്സിഡി ഇനത്തിൽ നൽകിയിട്ടുണ്ട്.വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തീർണ്ണം | നൽകിയ സബ്സിഡി | നൽകാവുന്ന സബ്സിഡി | അധികം |
|---|---|---|---|---|---|
| 1 | മുകുന്ദൻ,പറക്കോട്ട് എടവിലങ്ങ് | 50 സെന്റ് (അപേക്ഷയിൽ കാണിച്ചത്) | 6800 | 4000 | 2800 |
| 2 | ബിജോയ് .എം.കെ,മാങ്കറ,എടവിലങ്ങ് | 25 സെന്റ് പാട്ടത്തിന് കൊടുത്തതായാണ് ഉടമയുടെ സമ്മത പത്രത്തിൽ കാണിച്ചിരിക്കുന്നത്. | 3400 | 2000 | 1400 |
| 3 | വിനു.എസ്.ശിവരാമൻ,പറക്കോട്ട്,എടവിലങ്ങ് | 30 സെന്റ് (അപേക്ഷയിൽ | 3400 | 2400 | 1000 |

| | | | | | |
|---|---|---|---|---|---|
| | | കാണിച്ചത്) | | | |
| | | | | ആകെ | 5200/- |

അധികം നൽകിയ തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.(എൻക്വയറി നമ്പർ-25/28.4.22)

### 3-3 അരയംപടിക്കൽ ക്ഷേത്രം റോഡ് പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയിട്ടില്ല.നഷ്ടം 9756/-

കേരള പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2112 അനുസരിച്ച് മുൻകൂട്ടി കാണാൻ കഴിയാത്ത കാരണത്താൽ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാത്തപക്ഷം കരാറുകാരന് പ്രവൃത്തികാലാവധിയുടെ 50% സമയം പരമാവധി നീട്ടി അനുവദിക്കാവുന്നതാണ്.കരാറുകാരന് ഭാഗികമായോ ,പൂർണമായോ കാരണത്താൽ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാത്തപക്ഷം ആദ്യ തവണ കരാർ കാലാവധിയുടെ 25% അധികസമയം കരാർ തുകയുടെ 1%പിഴ ഈടാക്കിക്കൊണ്ടും രണ്ടാമത്തെ തവണ 2% പിഴ ഈടാക്കിക്കൊണ്ടും പ്രവൃത്തി കാലാവധി നീട്ടി അനുവദിക്കാവുന്നതാണ്. സാങ്കേതികാനുമതി പ്രകാരം 9 മാസം കൊണ്ട് ചെയ്ത് തീർക്കേണ്ട ഈ പ്രവൃത്തിയുടെ കാര്യത്തിൽ കരാർ വെച്ച് 11 മാസങ്ങൾക്ക് ശേഷമാണ് കരാറുകാരൻ പ്രവൃത്തി തുടങ്ങിയത്. സമയം നീട്ടി അനുവദിക്കുവാൻ ടിയാൻ രേഖാമൂലം അപേക്ഷ സമർപ്പിച്ചിട്ടുമില്ല.

പ്രവൃത്തി സംബന്ധിച്ച പൊതുവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം | 158/21 |
| അടങ്കൽ,ഫണ്ട് | 365000 CFC ഗ്രാന്റ് |
| സാ.അനുമതി | LSGD/TS/2019-20 /42106/24/6/19 |
| കരാറുകാരൻ | എം.എസ്. സച്ചിൽ |
| കരാർ | 4/AE/LSGD /EDV/2019-20 /23/11/19 |
| അളവുപുസ്തകം | 47/19-20 |
| ബിൽ നം, തുക | 19/2/1/21, 167316<br>21/26/2/21, 197581 |
| പ്രവൃത്തി തുടങ്ങിയത് | 31/10/20 |
| പ്രവൃത്തി മുഴുവനാക്കിയത് | 4/1/21 |

കരാറുകാരനിൽ നിന്നും ഈടാക്കേണ്ട പിഴ സംബന്ധിച്ച വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| കരാർ തുക | 325206.05 |
| ഈടാക്കേണ്ട തുക 3% നിരക്കിൽ | 9756 രൂപ |

ടി തുക കരാറുകാരനിൽ നിന്നും ഈടാക്കി സഞ്ചിതനിധിയിലടവാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് | 2020-21 | 400000 | ക്ഷീര കർഷകർക്ക് | 400000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | പാലിന് സബ്സിഡി(S00/20) | | |
| | 2020-21 | 500000 | അങ്കണവാടി അനുപൂരക പോഷകാഹാരം (S00/20) | 450000 | 50000 |
| | 2020-21 | 300000 | ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്(S00/20) | 250000 | 50000 |
| പഞ്ചായത്ത് | 2020-21 | 1100000 | ലൈഫ് (ജനറൽ) (S00/20) | 520000 | 580000 |
| | 2020-21 | 400000 | കുഞ്ഞയിനി മലബാർ റോഡ്ടാറിംഗ് (S00/20) | 400000 | 0 |
| | 2020-21 | 339384 | നടവരമ്പ് യു ബസാർ റോഡ് റീടാറിംഗ് (S0/20) | 339137 | 247 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 300000 | ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്(S00/20) | 300000 | 0 |
| | 2020-21 | 200000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി(S00/20) | 200000 | 0 |
| | 2020-21 | 100000 | പെയിൻ & പാലിയേറ്റീവ് കെയർ | 78790 | 21210 |
| | 2020-21 | 500000 | ജലരക്ഷ ജീവരക്ഷ അറപ്പത്തോട് വേടിത്തോട് ആഴം കൂട്ടി വൃത്തിയാക്കൽ | 500000 | 0 |
| | 2020-21 | 500000 | കർഷക റോഡ് മെയിന്റനൻസ് വാർഡ് 11 (S00/20) | 500000 | 0 |

അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാനായിട്ടില്ല.വിവരങ്ങൾ വാർഷീക കണക്കിലെ RP 7(വരവ് തുക),B-4(നീക്കിയിരിപ്പ്) എന്നിവയുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം. / ചെക്ക് നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | ജലജീവൻ മിഷൻ (S0097/20) | | 2250864/- | 845132/- |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ വാർഡ് 4 | | 800000/- | 800000/- |

| | | | | |
|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ വാർഡ് 5 | | 72000 | 71400 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ വാർഡ് 2 | | 50017 | 50017 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ വാർഡ് 7 | | 100000 | 99993 |

ഗ്രാമപഞ്ചായത്ത് തൻവർഷത്തെ വിവരങ്ങൾ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. ഇതുമൂലം വാർഷിക കണക്കുകളിലെ B - 18 പട്ടികയുമായി പൊരുത്തപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. നീക്കിയിരിപ്പ് വിവരങ്ങൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക (തൻ വർഷം) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ലൈഫ് ഭവനപദ്ധതി (KURDFC) | ലഭ്യമല്ല. | - | 11133529 | 1156196 | - | 9977333 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 62017436/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 62701320/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 25280 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 10324 | ശ്രീമതി.ബിത.സി.വി,ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 3-2 | 5200 | ശ്രീമതി.ഭാനുശാലിനി,കൃഷി ഓഫീസർ |
| 3-3 | 9756 | ശ്രീമതി.ശ്രീജ.വി.എസ്,എ.ഇ |
| ആകെ | 25280 | |

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ബിത.സി.വി,ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ഗ്രാമപഞ്ചായത്തിൽ നിന്നും വിവരം ലഭ്യമല്ല | പത്യാല വീട്,പി.ഒ.മുല്ലശ്ശേരി,തൃശ്ശൂർ |
| ശ്രീമതി.ഭാനുശാലിനി,കൃഷി ഓഫീസർ | ഗ്രാമപഞ്ചായത്തിൽ നിന്നും വിവരം ലഭ്യമല്ല | വട്ടോളി പറമ്പ് വീട്,മുപ്ലിയം |
| ശ്രീമതി.ശ്രീജ.വി.എസ്,എ.ഇ | അസി.എഞ്ചിനീയർ എടവിലങ്ങ് ഗ്രാമപഞ്ചായത്ത് | വടക്കേപ്പുരക്കൽ വീട്,വല്ലച്ചിറ,680562 |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| | |
| 83-84 | എൽ.എഫ്.ടി.എസ്2-1131/2011 /1.2.12 |
| 84-85 | |
| 86-87,87-88 | |
| 90-91 | |
| 91-92 | |
| 92-93,93-94 | |
| 94-95 | |
| 97-98 | എൽ.എഫ്.ടി.12-1447-98/14.5.99 |
| 98-99(ചെലവ്) | എൽ.എഫ്.ടി.12-210-2000/15.5.2000 |
| 98-99(വരവ്) | എൽ.എഫ്.ടി.12-170/01/6.4.01 |
| 99-00 | എൽ.എഫ്.ടി.12/296/01/2.6.01 |
| 00-01 | എൽ.എഫ്.ടി.16/22/03/27.02.03 |
| 01-02 | എൽ.എഫ്.ടി.16/1542/03 |
| 02-03,03-04 | എൽ.എഫ്.ടി.16/1820/04/09.02.05 |
| 04-05 | എൽ.എഫ്.ടി.16/311/07/7.3.07/ 5.5.07 |
| 05-06 | എൽ.എഫ്.ടി.16-797/09/22.09.10 |
| 06-07 | എൽ.എഫ്.ടി.16-810/09/22.09.10 |
| 07-08 | എൽ.എഫ്.ടി.പി.(3)1859/10/ 21.11.11 |
| 08-09 | എൽ.എഫ്.ടി.പി.(3)860/12/2.11.12 |

| | |
|---|---|
| 09-10 | എൽ.എഫ്.ടി.പി.(3)861/12/2.11.12 |
| 10-11 | എൽ.എഫ്.ടി.പി.862/12/2.11.12 |
| 12-13 | എൽ.എഫ്.ടി.പി.3-1026/14/ 11.12.2014/11.3.2015 |
| 13-14& 14-15 | കെ.എസ്എ.ടി.എസ്.ആർ.(പി3)353/16/ 30.03.16 |
| 15-16 | കെ.എസ്എ.ടി.എസ്.ആർ. (പി3)1909/2016 തീ. 19.11.16 |
| 16-17 | കെ.എസ്എ.ടി.എസ്.ആർ.(പി3)/1645 /2017തീ. 29.11.17 |
| 17-18 | കെ.എസ്എ.ടി.എസ്.ആർ.(പി3)/1871 /2018തീ. 12.12.2018 |
| 18-19 | കെ.എസ്.എ.ടി.എസ്.ആർ(പി3) 449/2020/04.06.20 |
| 19-20 | കെ.എസ്.എ.ടി.എസ്.ആർ(പി3) 588/2022/29.06.22 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ എടവിലങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ എടവിലങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്